
GLPS VILAMBUKANDAM
1919
ACHIEVING EXCELLENCE TOGETHER
അക്കാദമിക് മാസ്റ്റർ പ്ലാൻ
2025-26
ജി.എൽ.പി.സ്കൂൾ വിളമ്പുകണ്ടം

# ആമുഖം.

ശതാബ്ദികൾ പിന്നിട്ട് മുന്നേറുന്ന വിളവുകണ്ടം ഗവ. എൽ. പി. സ്കൂളിലും എല്ലാ കുട്ടികൾക്കും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം നൽകുക എന്ന ഉച്ച ലക്ഷ്യത്തോടെ വിദ്യാലയത്തിന്റെ ഗുണമേന്മ ഉറപ്പാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന വിധത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി. പൊതുസമൂഹത്തിന്റെയും [illegible] കൂടി പിന്തുണ കൊണ്ട് ഈ വിദ്യാലയം മികവിന്റെ കേന്ദ്രമാക്കാൻ ഉതകും വിധത്തിൽ ആണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## അടിസ്ഥാനവിവരങ്ങൾ

സ്കൂളിന്റെ പേര് :- ഗവ. എൽ. പി. സ്കൂൾ. വിളമ്പുകണ്ടം

മേൽവിലാസം :- ഏച്ചോം (PO) പനമരം വയനാട്

PIN:- 670 721

സ്കൂൾ കോഡ് :- 15452

വിദ്യാഭ്യാസ ഉപജില്ല :- മാനന്തവാടി

വിദ്യാഭ്യാസ ജില്ല :- വയനാട്

BRC :- മാനന്തവാടി

CRC :- പനമരം

ഗ്രാമപഞ്ചായത്ത് :- പനമരം

താലൂക്ക് :- മാനന്തവാടി

വില്ലേജ് :- അഞ്ചുകുന്ന്

ഇ-മെയിൽ :- glpsvilambukandam @gmail.com

facebook :- Glps vilambukandam

Instagram :- glps-vilambukandam

## ലക്ഷ്യങ്ങൾ.

→ സമഗ്രഗുണമേന്മ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പാക്കൽ

→ സ്കൂളിലെ എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുക.

→ സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുക.

→ മുഴുവൻ രക്ഷകർത്താക്കളെയും വിദ്യാലയത്തിലേക്ക് ആകർഷിക്കുക.

→ എല്ലാ കുട്ടികൾക്കും ഭാഷാവിഷയങ്ങൾ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പാക്കുക.

→ ഓരോ കുട്ടിക്കും യോജ്യമായ വിധത്തിൽ കുട്ടികളുടെ അഭിരുചികൾക്കും കഴിവിനും പരമാവധി പ്രോത്സാഹനം നൽകുക.

→ വായനസംസ്കാരം വളർത്തിയെടുക്കുക. ക്ലാസ്മുറികളിൽ അതിനായുള്ള പ്രവർത്തനങ്ങൾ നൽകുക.

→ ICT അധിഷ്ഠിതമായ പഠനം ഉറപ്പാക്കുക.

→ കൃത്യമായ CPTA നടത്തുകയും രക്ഷിതാക്കളുമായി നിരന്തര സമ്പർക്കം പുലർത്തുകയും ചെയ്യുക.

→ പഠന പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനവും പിന്തുണയും നൽകുക.

→ ഉന്നതികളിൽ വെച്ച് CPTA മീറ്റിംഗുകൾ ചേരുകയും ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ചെയ്യുക.

→ സ്കൂൾ പരിസരം സൗന്ദര്യവൽക്കരിക്കുക.

→ സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കുക.

→ ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകുക.

## നേട്ടങ്ങൾ

- ഒന്നാം ക്ലാസ് അഡ്മിഷൻ ഉയർന്നു.
- ആധുനിക സൗകര്യങ്ങളോടുകൂടിയ ഹൈ-ടെക് ക്ലാസ് മുറികൾ
- സ്വാമിനാഥൻ ഫൗണ്ടേഷൻ നൽകിയ Activity classroom & Interactive panel.
- അമ്മവായന, കുട്ടിവായന- ഒന്നാം ക്ലാസ് മുതൽ കുട്ടികൾക്ക് ലൈബ്രറി പുസ്തകം നൽകിവരുന്നു.
- 1-ാം ക്ലാസ് മുതൽ ഐടി പഠനം കാര്യക്ഷമമായിനടക്കുന്നു.
- പാഠ്യേതര വിഷയങ്ങൾക്കും പ്രാധാന്യം നൽകുന്നു.
- സർഗാത്മകവേദികൾ, ജനാധിപത്യവേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
- ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളായി ബന്ധിപ്പിച്ച് കൊണ്ടുപോകുന്നു.
- പൊതുവിജ്ഞാനം വർധിപ്പിക്കുന്നതിനുതകും വിധം ക്വിസ് പരിപാടികൾ - ഒരുദിനം ഒരറിവ്, Daily Hunt.
- 2024-25 അക്കാദമികവർഷത്തിൽ 8 പേർ എഴുതിയ LSS പരീക്ഷയിൽ 7 പേർക്കും Scholarship ലഭിച്ചു.

→ പരമാവധി എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് പ്രാദേശിക പങ്കാളിത്തത്തോടെ സ്കൂൾ വാർഷികം

→ സാമൂഹ്യഗണിതശാസ്ത്ര പ്രവൃത്തിപരിചയ മേളകളും, ഉപജില്ല കലാമേള - കായികമേള എന്നിവയിലൂടെ മികച്ച പങ്കാളിത്തം.

→ അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപകർ.

## പ്രധാന പ്രതിസന്ധികൾ / പരിമിതികൾ

→ സ്കൂളിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ ബിൽഡിംഗുകളുടെ അഭാവം – ക്ലാസ് മുറികളുടെ കുറവ്.

→ ക്ലാസ്മുറികൾ വേർതിരിക്കാനാവശ്യമായ ഷട്ടറുകളുടെ അഭാവം.

→ IT ലാബിന് ~~ക്ലാസ്~~ വേണ്ടി ക്ലാസ്റൂം ഇല്ല.

→ Library room ഇല്ല.

→ നിലവിലുള്ള ക്ലാസ്റൂമുകൾ ആണ് ആക്ടിവിറ്റി റൂമും, ഇന്ററാക്ടീവ് പാനൽ ക്ലാസ്റൂമും ആയി പ്രവർത്തിച്ചു വരുന്നത്. ആയതിനാൽ എല്ലാ ക്ലാസുകാർക്കും ഉപയോഗയോഗ്യമാക്കുന്നതിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു.

# ലക്ഷ്യങ്ങൾ.

★ ഭാഷാവികസനം - മലയാളം.

→ എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

→ കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

→ സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക

→ ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക.

→ മികച്ച വായനാശീലം വളർത്തുക.

→ ഇ-വായന പ്രോത്സാഹിപ്പിക്കുക.

★ ഇംഗ്ലീഷ്.

→ ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുക.

→ ഇംഗ്ലീഷിലുള്ള രചനകൾക്ക് അവസരം നൽകുക

→ സ്വതന്ത്ര വായനയ്ക്കും സ്വതന്ത്ര എഴുത്തിനും സജ്ജരാക്കുക.

→ ക്ലാസ്സ്‌വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിലെ ഇംഗ്ലീഷ് പുസ്തകങ്ങൾ ഒരുക്കുക.

→ ഹലോ ഇംഗ്ലീഷ് മാതൃകയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുക.

→ പാഠഭാഗവുമായി ബന്ധപ്പെട്ട പഠനസാമഗ്രികളുടെ നിർമ്മാണം കുട്ടികളുമായി ചേർന്നും രക്ഷിതാക്കളുമായി ചേർന്നും നിർമ്മിക്കുക.

→ റീൽസ് തയ്യാറാക്കലിലൂടെ (English grammar, vocabulary enrichment etc) ഇംഗ്ലീഷ് പഠനം രസകരവും എളുപ്പവുമാക്കുക.

☆ പരിസരപഠനം/അടിസ്ഥാനശാസ്ത്രം.

→ ശാസ്ത്രപഠനത്തിൽ താൽപ്പര്യം വളർത്തുക.

→ ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

→ പരീക്ഷണനിരീക്ഷണങ്ങൾക്ക് അവസരം ഒരുക്കുക.

→ ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ പരിചയപ്പെടുത്തുക.

→ ശാസ്ത്രോത്സവങ്ങൾ സംഘടിപ്പിക്കുക.

☆ ഗണിതം.

→ ചതുഷ്ക്രിയകൾ (അടിസ്ഥാന ഗണിത ആശയങ്ങൾ) എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

→ നിത്യജീവിതബന്ധിതമായി ഗണിത പഠനം നടത്തുക.

→ ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന

ഗണിതശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക.

→ ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

→ ഗണിതപഠനം രസകരമാക്കുക - ഗണിതക്കളികൾ.

* സാമൂഹ്യശാസ്ത്രം / സാമൂഹികാവബോധം.

→ സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ഉറപ്പ്

→ ചരിത്രബോധം വളർത്തുക.

→ ജനാധിപത്യവേദികൾ ഒരുക്കുക.

→ ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

→ ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക.

* ഹിന്ദി

→ ഹിന്ദി ഭാഷയുടെ അടിസ്ഥാന ശേഷിവികസനം ഉറപ്പാക്കുക.

→ പദസമ്പത്ത് വളർത്താനും ആശയവിനിമയം നടത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.

★ പ്രവൃത്തിപരിചയം.

→ നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

→ പാഠഭാഗവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രവൃത്തിപരിചയ അനുഭവങ്ങൾ നൽകുക.

★ കലാവിദ്യാഭ്യാസം.

→ കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തി കലാഭിരുചി വളർത്തുക.

→ ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം നൽകുക.

→ ആധുനിക ശാസ്ത്രസാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

★ ആരോഗ്യകായികവിദ്യാഭ്യാസം.

→ എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

→ നല്ല ആരോഗ്യശീലങ്ങൾ വളർത്തുക.

→ വ്യക്തിശുചിത്വം, പരിസരശുചിത്വം ഇവയിൽ ബോധമുള്ളവരാക്കുക.

★ ഐ.സി.ടി

→ വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജന-
പ്പെടുത്തുക.

→ കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുക
ഉപയോഗിക്കാൻ സാഹചര്യമൊരുക്കുക.

★ അറബിക്

→ അറബിക് ഭാഷ പഠിക്കുന്ന എല്ലാ കുട്ടികളെയും
ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും
എഴുതാനും പ്രാപ്തരാക്കുക.

→ കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷാപഠനനേ
ങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.

→ ICT പഠനസാധ്യത ഉപയോഗപ്പെടുത്തുക.

# അക്കാദമിക പ്രവർത്തനങ്ങൾ

# മലയാളം

## വായന.

എല്ലാ കുട്ടികളെയും സ്വതന്ത്രവായനയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ;

→ ക്ലാസ് ലൈബ്രറി:- കുട്ടികളിൽനിന്ന് ലൈബ്രേറിയനെ കണ്ടെത്തി ലൈബ്രറി രജിസ്റ്റർ പ്രകാരം പുസ്തകം വിതരണം ചെയ്യുന്നു.

→ വായനാമൂല:- ഒഴിവുസമയത്ത് കുട്ടികൾക്ക് സ്വയം കൈകാര്യം ചെയ്യാവുന്ന വിധത്തിൽ ദിനപ്പത്രങ്ങൾ, ബാലപ്രസിദ്ധീകരണങ്ങൾ, വായനാക്കാർഡുകൾ മുതലായവ അതാത് ക്ലാസുകളിൽ ക്രമീകരിക്കുന്നു.

→ അമ്മവായന, കുട്ടിവായന – വായിക്കുന്ന പുസ്തകങ്ങളുടെ രചനാപരിചയക്കുറിപ്പ്/ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.

→ മാതൃഭൂമി 'മധുരം മലയാളം' – ക്ലാസുകളിൽ പത്രവായന പ്രോത്സാഹിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി Daily Hunt ക്വിസ് മത്സരവും നടത്തുന്നു – പത്രവാർത്തയെടുത്തുന്ന

→ വായനാവാരം പ്രവർത്തനങ്ങൾ (School Radio ഉദ്ഘാ-

ടനം, വായനാവാരത്തോൺ etc) നടത്തുന്നു.

→ വായനാക്കാർഡുകൾ തയ്യാറാക്കുന്നു.

→ സമീപ ഗ്രന്ഥശാലയിൽ (ഇ.പി.കെ. വായനശാല) പുതിയ കുട്ടികൾക്കും അംഗത്വം ഉറപ്പാക്കുന്നു.

→ അക്ഷരപ്പാട്ടുകൾ:- 1, 2 ക്ലാസുകളിലെ കുട്ടികളെ അക്ഷരപ്പാട്ടുകൾ പാടിക്കുന്നു.

→ പിറന്നാൾ സമ്മാനം - കഴിയുന്നവർ പിറന്നാൾ സമ്മാനമായി മിഠായിക്കു പകരം school library-യിലേക്ക് ഒരു പുസ്തകം.

→ ഇ-വായന പ്രോത്സാഹിപ്പിക്കുന്നു.

→ 'റീഡേഴ്സ് തിയേറ്റർ' എല്ലാ ക്ലാസുകളിലും നടത്തുന്നു

→ പുസ്തകചർച്ചകൾ:- സമകാലീന പുസ്തക ചർച്ചകൾ വേദിയൊരുക്കുന്നു.

→ ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ - നിലവാരത്തിനനുസരിച്ച് കുട്ടികളെ ഗ്രൂപ്പുകളാക്കി അനുയോജ്യമായ ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു.

→ ഒന്ന്/രണ്ട് ക്ലാസിലെ കുട്ടികൾക്ക് പാട്ടരങ്ങ്.

→ ഒന്നാം ക്ലാസിലെ കുട്ടികൾക്ക് കഥാവേള - വായിച്ചുകേട്ട കഥ കുട്ടികൾ അവതരിപ്പിക്കൽ.

→ വായിച്ച കഥയെ പാട്ടാക്കാനും, ചിത്രമാക്കാനും ഉള്ള പ്രവർത്തനങ്ങൾ.

എഴുത്ത്:

സ്വതന്ത്രരചന പ്രോത്സാഹിപ്പിക്കുക എന്നലക്ഷ്യത്തോടെ;

→ വരികൾ കൂട്ടിച്ചേർക്കൽ (ഓരോ ക്ലാസുകാരുടേയും നിലവാരത്തിനനുസരിച്ച്)

→ സംഭാഷണം എഴുതൽ – സംഭാഷണം പൂർത്തിയാക്കൽ.

→ ചിത്രത്തിൽ നിന്ന് കഥ വികസിപ്പിക്കൽ.

→ നിശ്ചിതവിഷയത്തെ ആസ്പദമാക്കി കഥാരചന, കവിതാരചന.

→ ചിത്രത്തിനനുസരിച്ച് അടിക്കുറിപ്പ് തയ്യാറാക്കൽ.

→ വിവരണം തയ്യാറാക്കൽ.

→ ദിനാചരണങ്ങളും, ക്ലബ്ബ് പ്രവർത്തനങ്ങളുമായും, വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട് രചനകൾ നടത്തുന്നു.

→ പോസ്റ്റർ, പ്ലക്കാർഡ് നിർമാണം

→ പത്രക്വിസ് – ഒരു ദിനം ഒരറിവ്, Daily Hunt.

→ രചനാപരിചയക്കുറിപ്പ് / ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

→ അമ്മവായനയ്ക്ക് കുട്ടിവായനയുമായി ബന്ധപ്പെട്ടുള്ള ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ.

→ ആനുകാലിക സംഭവങ്ങളെ അടിസ്ഥാനമാക്കി കാർട്ടൂൺ വരയ്ക്കൽ.

→ വിവിധ വസ്തുക്കൾ Name label ചെയ്യൽ (e.g:- മേശ, കസേര, ബെഞ്ച്, വാതിൽ etc)

→ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ - വർക്ക്ഷീറ്റുകൾ, വായനാകാർഡുകൾ തയ്യാറാക്കൽ.

→ ക്ലാസ്തല സ്കൂൾതല പത്രനിർമാണം.

→ മാഗസിനുകൾ തയ്യാറാക്കൽ.

→ സ്വതന്ത്രഡയറി, സംയുക്തഡയറി (1-ാം ക്ലാസ്) എഴുതൽ.

→ ഒന്നാംക്ലാസുകാർക്കും രണ്ടാംക്ലാസുകാർക്കും രചനോത്സവം.

→ കഥയെ കവിതയാക്കലും കവിതയെ ഗദ്യരൂപത്തിലാക്കലും ഉള്ള പ്രവർത്തനങ്ങൾ.

# ഇംഗ്ലീഷ്

→ ഇംഗ്ലീഷ് അസംബ്ലി- എല്ലാ വ്യാഴാഴ്ച്ചയും ഓരോ ക്ലാസുകാരുടേയും നേതൃത്വത്തിൽ ഇംഗ്ലീഷിൽ അസംബ്ലി.

→ ഇംഗ്ലീഷ് സർഗവേദി- English skit, Role Play etc.

→ ഇംഗ്ലീഷ് ഡയറി:- രണ്ടാം ക്ലാസ് മുതൽ അഞ്ചാംക്ലാസ് വരെയുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസുകളിൽ അതത് ദിവസത്തെ അനുഭവങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഡയറി എഴുതൽ.

→ Reels തയ്യാറാക്കൽ:- English grammar, Vocabulary etc. എന്നിവയെ അടിസ്ഥാനമാക്കി കുട്ടികളെ ഉൾപ്പെടുത്തി-ക്കൊണ്ട് ചെറിയ റീൽസ് തയ്യാറാക്കുകയും വാട്സ്ആപ്പി-ലൂടെ മറ്റ് കുട്ടികളിലേക്ക് എത്തിക്കുകയും ചെയ്യുന്നു.

→ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനുള്ള താൽപ്പര്യം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ - വായിച്ച കഥകളെ ചിത്രരൂപത്തിൽ ആക്കൽ etc.

→ പോസ്റ്റർ നിർമാണം

→ റീഡിംഗ് കാർഡുകൾ തയ്യാറാക്കൽ

→ വരികൾ കൂട്ടിച്ചേർക്കൽ.

→ ചിത്രവിവരണം തയ്യാറാക്കൽ.

→ മുൻകൂട്ടി നൽകുന്ന വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രസംഗമത്സരങ്ങൾ.

→ നിശ്ചിത വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള കവിതാ രചനകൾ നടത്തൽ.

→ ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനങ്ങൾ - റീൽസ് നിർമാണം വായനാമത്സരങ്ങൾ etc.

→ Reader's theatre.

→ പ്ലക്കാർഡുകൾ / Name boards എന്നിവ തയ്യാറാക്കൽ.

→ Language games.

→ ആഴ്ചയിൽ ഒരു ദിവസം English Day.

→ English Riddles competition.

# ഗണിതം

- ഗണിത കിറ്റ് - ക്ലാസ്റൂം പ്രവർത്തനങ്ങൾക്കാവശ്യമുള്ള തരത്തിൽ മഞ്ചാടി, ഈർക്കിലുകൾ മുതലായവയെല്ലാം ഉൾക്കൊള്ളിച്ച് ഓരോ കുട്ടിക്കും ഗണിതകിറ്റ്.
- വർക്ക്ഷീറ്റുകൾ ചെയ്യിക്കുന്നു.
- പാറ്റേണുകൾ ചെയ്യാൻ പരിശീലനം നൽകുന്നു.
- ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിതക്വിസ് മത്സരങ്ങൾ നടത്തുന്നു.
- ഗണിതക്കേളികൾ ക്ലാസിൽ നടത്തുന്നു.
- ഗണിത പാട്ടുകൾ പാടുന്നു.
- 'ഉല്ലാസഗണിതം' പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ഗണിതരൂപങ്ങൾ പരിചയപ്പെടുന്നു.
- ഗണിതരൂപങ്ങൾ ഉപയോഗിച്ച് ഗണിത ചിത്രങ്ങൾ നിർമ്മിക്കുന്നു-വരക്കുന്നു.
- അബാക്കസ് നിർമ്മാണം.
- ജ്യാമിതീയ രൂപങ്ങളും ഉപകരണങ്ങളും പരിചയപ്പെടുന്നു, ഉപയോഗിക്കുന്നു.
- കലണ്ടർ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നു.

→ കളിനോട്ടുകൾ, ടാൻഗ്രാം എന്നിവ ഉപയോഗിക്കുന്ന

→ സംഖ്യാകാർഡുകൾ ഉപയോഗിച്ച് സംഖ്യാവ്യാഖ്യാ
ചെയ്യുന്നു.

→ ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാഗസിൻ പ്രകാശ

→ മന:കണക്കുകൾ ചെയ്യിക്കൽ.

# പരിസരപഠനം/ അടിസ്ഥാനശാസ്ത്രം/ സാമൂഹ്യശാസ്ത്രം.

→ പോസ്റ്റർ നിർമാണം.

→ ഫീൽഡ് ട്രിപ്പ്

→ ദിനാചരണ പ്രവർത്തനങ്ങൾ

→ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ

→ വിവിധ പ്രദർശനങ്ങൾ നടത്തുന്നു.

→ ശാസ്ത്രമേളകൾ

→ സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ

→ സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പൂന്തോട്ട നിർമാണം.

→ വിവിധ പരീക്ഷണങ്ങൾ ക്ലാസിൽ ചെയ്യിക്കുന്നു. നിരീക്ഷിക്കാൻ അവസരം നൽകുന്നു.

→ ജനാധിപത്യരീതിയിലുള്ള സ്കൂൾ ഇലക്ഷൻ- വോട്ട് രേഖപ്പെടുത്താനുള്ള അവകാശം കുട്ടികൾക്ക് നൽകുന്നു.

→ ദുരന്തനിവാരണ സുരക്ഷാസമിതിയുടെ ആഭിമുഖ്യത്തിൽ

ഡെമോൺസ്ട്രേഷൻ, മോക്ക്ഡ്രിൽ എന്നിവ സംഘടിപ്പിക്കുന്നു.

→ വിവിധ പ്രദർശനങ്ങൾ - ശേഖരണങ്ങൾ (സ്റ്റാമ്പ്, നാണയം, ഇലകൾ etc)

→ പരിസരമൂലകൾ — പരിസരപഠനവുമായി ബന്ധപ്പെ സാമഗ്രികളും ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കുന്നു

→ കേരളം, ഇന്ത്യ - ഭൂപടം പരിചയപ്പെടൽ, വരയ്ക്ക

→ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ.

→ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട് സ്കിറ്റ് അവതരണം

→ പരിസ്ഥിതിദിനാഘോഷത്തിന്റെ ഭാഗമായി ഹരിതകർ സേനാംഗങ്ങളെ ആദരിക്കൽ.

→ പ്രകൃതിനടത്തം

# ഹിന്ദി

→ അക്ഷര പരിചയം

→ അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരം തിരിച്ചറിഞ്ഞ് അക്ഷര ശുദ്ധി വരുത്താനുള്ള പ്രവർത്തനങ്ങൾ.

→ വർക്ക് ഷീറ്റുകൾ നൽകുന്നു.

→ വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് – അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടെയും നിർമാണം നടക്കുന്നു.

# കലാ-കായികം

- മാസ് ഡ്രിൽ
- മൈനർ ഗെയിംസ്
- സ്കൂൾ സ്പോർട്സ്
- Zumba Dance Practice.
- സ്കൂൾ പ്രവൃത്തിപരിചയമേള
- സർഗവേള
- സ്കൂൾ കലാമേള

# അറബിക്

- Arabic Language games.
- അക്ഷരവായന → വാക്യങ്ങൾ വായന.
- അറബിസംഭാഷണം.
- അക്ഷരകാർഡുകൾ ഉപയോഗിച്ചുള്ള കളികൾ
- സ്കിറ്റ് അവതരണം.
- ക്വിസ് മത്സരങ്ങൾ
- അറബിക് അസംബ്ലി.

# മറ്റ് പ്രവർത്തനങ്ങൾ

→ സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും അതാത് ക്ലാസുകളിൽ നേടേണ്ട അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നതിലേക്കായി പ്രീ-ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അതാത് ക്ലാസ് ടീച്ചർമാർ കൃത്യമായ മൊഡ്യൂളുകൾ തയ്യാറാക്കി പിന്തുണാ പ്രവർത്തനങ്ങൾ നടത്തുന്നു.

→ LSS പരിശീലനം.

→ Daily Hunt :- എല്ലാ ദിവസവും പത്രത്തിൽ നിന്നും ഒരു ചോദ്യം PAS-ലൂടെ കുട്ടികളോട് ചോദിക്കുകയും ഉത്തരങ്ങൾ എഴുതി കുട്ടികൾ box-ൽ ഇടുകയും ചെയ്യുന്നു. നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുകയും വെള്ളിയാഴ്ച 5 വിജയികളിൽ നിന്നും ഒരാളെ നറുക്കെടുത്ത് സമ്മാനം നൽകുകയും ചെയ്യുന്നു.

→ ഒരു ദിനം ഒരറിവ് :- എല്ലാ ദിവസവും 3,4,5 ക്ലാസ്സിലെ കുട്ടികൾക്ക് PAS-ലൂടെ ഒരു പൊതുവിജ്ഞാനചോദ്യം നൽകുന്നു. സ്കൂൾവാർഷികത്തിന് മുമ്പായി മെഗാക്വിസ് മത്സരം

നടത്തി വിജയികളെ കണ്ടെത്തുന്നു. 1, 2 ക്ലാസുകളിലെ കുട്ടികൾക്ക് ഒരു ദിനം ഒരറിവ്-ന്റെ ഭാഗമായി ലളിതമായ ചോദ്യങ്ങളും നൽകുന്നു.

→ ഡോക്യുമെന്റേഷൻ :- സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നു.

→ School Radio.

# ജി.എൽ.പി.എസ് വിളമ്പുകണ്ടം


## വാർഷിക കലണ്ടർ 2025-26

### ജൂൺ



2 – പ്രവേശനോത്സവം
5 – പരിസ്ഥിതി ദിനം
19 – വായനാദിനം
19 – 25 – വായനാവാരാഘോഷം
21 – യോഗദിനം,സംഗീത ദിനം
26 – ലഹരിവിരുദ്ധ ദിനം
27 – സ്കൂൾ ഇലക്ഷൻ

### ജൂലൈ



1 – ഡോക്ടേഴ്സ് ദിനം
5 – ബഷീർദിനം
10 – സ്കൂൾ ജനറൽ ബോഡി
16 – ദേശീയ സ്കൂൾ സുരക്ഷാ ദിനം
21 – ചാന്ദ്ര ദിനം
27 – ഡോ.എ പി ജെ അബ്ദുൽ കലാം ഓർമദിനം
29 – ഗണിതശാസ്ത്ര,സാമൂഹ്യ ശാസ്ത്ര മേള,ഐ.ടി മേള
30 – പ്രവൃത്തിപരിചയമേള

### ഓഗസ്റ്റ്



6 – ഹിരോഷിമദിനം
9 – നാഗസാക്കി ദിനം
15 – സ്വാതന്ത്ര്യ ദിനം
17 – കർഷകദിനം
19,20 – കലാമേള ഓഫ് സ്റ്റേജ്
21,22 – കലാമേള ഓൺ സ്റ്റേജ്
22 – ലോക നാട്ടറിവ്
29 – ദേശീയ കായിക ദിനം
ഓണാഘോഷം

### സെപ്റ്റംബർ



11,12 – സ്കൂൾ സ്പോർട്സ്
14 – ദേശീയ ഹിന്ദി ദിനം

### ഒക്ടോബർ



2 – ഗാന്ധി ജയന്തി
10 – ദേശീയ തപാൽ ദിനം
15 – ലോക കൈ കഴുകൽ ദിനം
16 – ലോക ഭക്ഷ്യ ദിനം
30 – ദേശീയ സമ്പാദ്യ ദിനം

### നവംബർ



1 – കേരളപ്പിറവി
14 – ശിശുദിനം

### ഡിസംബർ



3 – ദേശീയ ഭിന്നശേഷി ദിനം
18 – ലോക അറബി ഭാഷാ ദിനം
19 – ക്രിസ്തുമസ് ആഘോഷം

### ജനുവരി



11 – ചിരി ദിനം
23 – ദേശീയ കൈയക്ഷര ദിനം
26 – റിപ്പബ്ലിക് ദിനം
30 – രക്തസാക്ഷി ദിനം

### ഫെബ്രുവരി

6 – ഒരു ദിനം ഒരു അറിവ് മെഗാ ക്വിസ് മത്സരം
13 – ഒ.എൻ.വി ഓർമദിനം,
റേഡിയോദിനം
20 – സ്കൂൾ വാർഷികം
21 – ലോകമാതൃഭാഷാ ദിനം
28 – ദേശീയ ശാസ്ത്ര ദിനം



### മാർച്ച്



21 – ലോക വനദിനം
22 – ലോകജലദിനം
24 – ലോക കാലാവസ്ഥാദിനം

**എല്ലാ വെള്ളിയാഴ്ചയും എസ്.ആർ.ജി, എല്ലാ മാസവും ക്ലാസ് പി.ടി.എ.**